**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1213** **12-02-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ടോൾ പിരിവ് കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ദേശീയപാത ഉൾപ്പെടെയുള്ള വിവിധ റോഡുകളിൽ എത്ര ടോൾ ബൂത്തുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ആർ.ബി.ഡി.സി.കെ.യുടെ കീഴിൽ റെയിൽവേ മേൽപാലങ്ങളിൽ നിന്നും യൂസർ ഫീ പിരിക്കുന്നതിനുള്ള 6 ടോൾ ബൂത്തുകളും ദേശീയ പാത അതോറിറ്റിയുടെ കീഴിൽ 8 ടോൾ പ്ലാസകളും പ്രവർത്തിക്കുന്നു. |
| (ബി) | ടോൾ ബൂത്തുകൾ ഉള്ള ഓരോ സ്ഥലത്തും ടോൾ പിരിവ് ആരംഭിച്ചത് എന്ന് മുതലാണെന്നും ടോൾ പിരിവ് ആരംഭിച്ചതിനുശേഷം എത്ര തവണ നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടെന്നും അറിയിക്കുമോ ; ഓരോ തവണയും നിരക്കിലുണ്ടായ വർദ്ധനവ് എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | ആർ.ബി.ഡി.സി.കെ യുടെ കീഴിലുള്ള ടോൾ ബൂത്തുകളിലെ ടോൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1 ആയും ദേശീയപാത അതോറിറ്റിയുടെ കീഴിലുള്ള ടോൾ പ്ലാസകളിലെ ടോൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 2 ആയും ചേർക്കുന്നു. |
| (സി) | ഓരോ സ്ഥലത്തും ടോൾ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡമെന്താണെന്ന് വെളിപ്പെടുത്തുമോ; | (സി) | ആർ.ബി.ഡി.സി.കെ യും കേരള സർക്കാരും കേരള റോഡ് ഫണ്ട് ബോർഡും ആയിട്ടുള്ള ട്രൈ പാർട്ടി ഉടമ്പടി അനുസരിച്ച് കേരള റോഡ് ഫണ്ട് ആക്ട് പ്രകാരം 15 വർഷത്തേക്കാണ് ആർ.ബി.ഡി.സി.കെ-യുടെ കീഴിലുള്ള പാലങ്ങളിൽ ടോൾ പിരിവുകൾ നടത്തി വരുന്നത്. കേരള ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം PWD രജിസ്റ്റേർഡ് കോൺട്രാക്ടർമാരിൽ നിന്നും ടെൻഡർ വിളിച്ച് ഉയർന്ന തുക രേഖപ്പെടുത്തിയ കരാറുകാരന് കരാർ നൽകുന്നു. നാഷണൽ ഹൈവേ ഫീ റൂൾസ് 1997, നാഷണൽ ഹൈവേ ഫീ റൂൾസ് 2008 പ്രസ്തുത ചട്ടങ്ങൾക്ക് കാലാകാലങ്ങളിൽ വന്ന ഭേദഗതികൾ എന്നിവ പ്രകാരമാണ് ദേശീയ പാത അതോറിറ്റി ടോൾ പിരിക്കുന്നത്. |
| (ഡി) | ടോൾ പിരിവിന് ആധാരമായ ഓരോ പദ്ധതിയുടെയും ആകെ നിർമ്മാണ ചെലവ് എത്രയായിരുന്നുവെന്നും ഓരോ സ്ഥലത്തു നിന്നും നാളിതുവരെ ടോൾ ഇനത്തിൽ എത്ര തുക സമാഹരിക്കുവാൻ ബന്ധപ്പെട്ട കമ്പനി/ ഏജൻസിക്ക് സാധിച്ചിട്ടുണ്ടെന്നും ഓരോ | (ഡി) | ആർ.ബി.ഡി.സി.കെ യുടെ കീഴിലുള്ള ടോൾ ബൂത്തുകളിലെ ടോൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1 ആയും ദേശീയപാത അതോറിറ്റിയുടെ കീഴിലുള്ള ടോൾ പ്ലാസകളിലെ ടോൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 2 ആയും ചേർക്കുന്നു. |

| | | | |
|---|---|---|---|
| | സ്ഥലത്തും ടോൾ പിരിവ് എന്നുവരെ തുടരാനാണ് കരാർ ഉള്ളതെന്നും വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ